# ഇനി ചിന്നമ്മു പറയട്ടെ!

ഖദീജ മുംതാസ്





**ഇനി ചിന്നമ്മു പറയട്ടെ!**

**ഖദീജ മുംതാസ്**

(മലയാളം: കഥ)

© 2020 Author

Published by Author.

First published in 2018.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Kozhikode Beach, a view of Kozhikode Beach by Vengolis. The image is taken from Wikimedia Commons and is gratefully acknowledged.

# ഇനി ചിന്നമ്മു പറയട്ടെ!

ഉമ്മറപ്പടിലിരുന്നോണ്ട് പായയിൽ ചിക്കിയ മുത്താറിയിലേക്ക് മാങ്കൊമ്പിലിരുന്ന് ചെരിഞ്ഞു നോക്കുന്ന കാക്കയെ ഒരു കണ്ണുകൊണ്ടും തൊടിയിൽ വിളയുന്ന ബാബ്യുക്കുട്ടനെ മറുകണ്ണുകൊണ്ടും തരാതരം

അയച്ചും മുറുക്കിയുമങ്ങനെ നോക്കിയിരിക്കുകയാണ് ചിന്നമ്മു. കള്ളക്കാക്ക, കണ്ണു തെറ്റ്യാൽ മുഴക്കുകൊള്ളുന്ന പാളച്ചുണ്ടിൽ കോരിനെറച്ച് കൊണ്ടോയ്ക്കോളും. അങ്ങനെ നാലുകോരലിനല്ലേ ഉള്ളു ഇത്! ചിക്കുപായ നെറയെ പുഴുങ്ങിയ നെല്ല് പരത്തിയിട്ട് വടിയുമായി കാവലിരുന്നു മടുക്കുന്ന കാലമൊക്കെ എന്നോ പോയ്യോയി. അക്കാലമൊക്കെ ഓർത്തോണ്ടുതന്ന്യാണ് ചിന്നമ്മു ഇങ്ങനെ ഇരിക്കുന്നതും. നെല്ല് ചിക്കാനില്ലേലും മോശല്ലാത്ത ചുറ്റുപാടൊക്കെ തന്ന്യാണ് ചിന്നമ്മൂനിപ്പൊ. കാലത്തിന്റെ മാറ്റല്ലേ. ചെക്കനു കമ്പനിപ്പണിണ്ട്. ഷീബപ്പെണ്ണ് ഉന്നക്ലാസ്സീ തയ്പ്പ് പഠിപ്പിക്കാനും

പോയാപ്പിന്നെ ബാബൂട്ടനെ നോക്കിരിക്കലാണ് ചിന്നമ്മൂന്റെ പണി. ആറ്റുനോറ്റുണ്ടായ കുടിഞ്ഞൂലല്ലേ!

'ഇനി കുഞ്ഞനേം നോക്കി ഇരുന്നാമതി അമ്മേങ്ങള്. കൊറേ പണിതതല്ലേ ഞാളെപ്പോറ്റാന് 'ന്നാ ദിവാകരനും പറയ്യാ.

മുത്താറി വെയിലത്തിട്ട് ഈർപ്പം കളഞ്ഞുവെച്ചില്ലെങ്കി പെട്ടെന്ന് പൂപ്പല്യ കേറും. ബാബൂട്ടന് വെരകിക്കൊട്ടക്കാൻള്ളതല്ലേ. 'ഇന്റെരുഭാഗ്യേ ചിന്നമ്മൂ. ചെക്കന്റെ പറ്റ്യേ നേരുംനേറില്ലേല്ലാ നിന്റെ ശീബപ്പെണ്ണ്, കുഞ്ഞനേം നോക്കിങ്ങനെ കയിഞ്ഞ്യേട്ട്യാപ്പോരേ നെനക്ക്. ങ്ങക്കൊക്കെല്ലേ ഇപ്പളും ഈ ഒയച്ചില്'

ന്നൊക്കെ അരിവാളുമെടുത്ത് പുല്ലരിയാൻ പോണവഴി വേലിക്ക നിന്ന കാർത്ത്യായനിടെ പതം പറച്ചിൽ കേക്കുമ്പോഴുമുണ്ടൊരു മനസ്സുഖം. ഇങ്ങനെ വയലിന്നടിച്ചുവരുന്ന വൈന്നേരക്കാറ്റുമേറ്റങ്ങനെ... ചെറുമോന്റെ കളികളും കണ്ടു രസിച്ചങ്ങനെ ഇരിക്കുമ്പൊ...

'അച്ച്മ്മേ, അച്ച്മ്മേ...' ബാബുക്കുട്ടനാണ്. കണ്ണുമാളിപ്പോയല്ലോ ദൈവേ! മുത്താറിയെന്തായോ! ഇനി പായമടക്കിട്ട്വാ നല്ലത്.

'എന്തേയ്യും കുഞ്ഞാ? കുഞ്ഞിമോനെന്താമേണ്ട്യേ? ചായേള്ളോം അടേം തരട്ടെ അച്ച്മ്മ?'

'മാണ്ട. അച്ച്മ്മങ്ങ് വന്നേ. കോയിക്കുട്ടീന പിടിച്ചുട്ടേ ഞാന്...? നോക്ക് നല്ല കോയിക്കുട്ടി.'

'യ്യോ, ന്റെള്ളേ. കോയിക്കുട്ടീനിസ്സായോ? ച്ച്മ്മ പിടിച്ചുതരാലോ. ഏടെ കുട്ടാ...?'

'മാണ്ട, ഞാൻ പിടിച്ചോളാം...' ബാബുക്കുട്ടൻ കോയിക്കൂട്ടത്തിലേയ്ക്കോടിയപ്പോ കോയിത്തള്ളേം കുഞ്ഞുങ്ങളും കൊക്കിക്കൊക്കി പിടഞ്ഞോടി. ബാബുക്കുട്ടൻ വിട്ടില്ല. വടക്കേ വേലിക്കലെ ഇല്ലിക്കൂട്ടത്തോളം പിന്നാലെ. ഓന്റെപ്പുറം ഓട്യെത്താൻ നിക്കാവ്വലാന്ന് ചിന്നമ്മു പതുക്കെയാക്കി. മോന്ത്യാവാറായി. ഇല്ലിക്കൂട്ടത്തിൻറാടെ പാമ്പോ

പിറ്ക്കോ വല്ലോണ്ടാവ്വോ!

‘മോന്വോ, ഇങ്ങുപോരുകട്ടാ. നൃച്ചീണ്ടാവ്വട്ടാ’ ഓൻ പിന്നേം കാട്ടും പടലുള്ളോടത്തേയ്ക്കാണല്ലോ, ദൈവേ!

‘ച്ച്മ്മേ, ദാ... ന്റെ കാലുമ്മല് വേതന. കാലുമ്മല് വേതന ച്ച്മ്മേ...’ ബാബുക്കുട്ടൻ പാതികരച്ചിലോടെ തിരിഞ്ഞുനോക്കി വിളിക്ക്യാണല്ലോ! ന്തായ്ക്കാണും ഓന്റെ കാലുമ്മല്! മുച്ചിലോട്ടമ്മേ, ചതിക്കല്ലേ... യ്യോ, തെന്താ ഈ നിങ്ങിപ്പോണേ കരിയെലേന്റെടേക്കൂടി...! കറുത്ത മിന്നണ്ണ്ട്... വഴ്ണ ഒന്ന്... മഞ്ഞവളയങ്ങളങ്ങനെ തെളങ്ങണ്...

‘യ്യോ, ന്റെ മോൻ...’ ഉച്ചത്തിൽ കൂക്കി വിളിച്ച ചിന്നമ്മു.

‘ഓടി വർണേ... ഓടി വർണേ... ന്റെ ബാബുക്കുട്ടനെ പാമ്പുകടിച്ചേ!’ ചിന്നമ്മു ബാബുക്കുട്ടനെ വാരിപ്പിടിച്ച ഇല്ലിപ്പടിയ്ക്ക് നേരെപാഞ്ഞു.

‘ഏടെ? ഏടെ... വല്ല നീർക്കോല്യോ മറ്റോ ആയിരിക്കും ചിന്നമ്മേ്യടത്ത്യേ...?’

‘ങ്ങള് കണ്ടോ പാമ്പിനെ? വെള്ളിക്കെട്ടനാ? പാമ്പിനെ പിടിക്കണ്ടേ്യരും...’

‘അയിനാപ്പനേരം? അല്ലെങ്കി ഇങ്ങള് കണ്ടന്മാര് തെരയ്. ചിന്നമ്മോ, ഓനെ വേഗം ആശ്പത്രിലാക്കാൻ നോക്ക്, കുഞ്ഞനാകെ ബയന്ന്ക്ക്ണ്!’

‘നിക്ക് നിക്ക്... ദാ ഒരു കെട്ട്... കാല്യമ്പല്... ഇങ്ങനെ മോളിലായിട്ട്...’

‘യ്യോ, ന്റെ കുഞ്ഞനെന്തായയോ! ഓനിതാ തളന്ന്ക്ക്ണ്, ഓന്റെ തന്തേം തള്ളേം ഈടെ ഇല്ലാണ്ടായല്ലോ...’

‘കുഞ്ഞനന്താ, ഓട്ട്യോ ജീപ്പോ കിട്ട്വോന്നോക്ക്... അല്ലെങ്കി കുഞ്ഞമ്മദേ അന്റെ സ്കൂട്ടറ്ട്ക്ക്. നമ്മക്ക് രണ്ടാക്കും കൊണ്ടോവാം...’

‘ങള് കേറണ്ട ചിന്നമ്മ്യോടത്ത്യ. ങളെക്കൊണ്ടാവ്വല സ്കൂട്ടറി കേറാനൊന്നും. ഞാള് കൊണ്ടോയ്ക്കോളാ...’

‘അതുമാണ്ട. ഞാല്ലെങ്കി കുഞ്ഞൻ ബേശാറാകും. നീ സ്റ്റാർട്ടാക്കി. ങളാരെങ്കില്യം കുട്ടരേ, കുഞ്ഞന്റെ തന്തേം തള്ളേം കൂട്ടി വര്വല്ലോ...’

കുഞ്ഞമ്മതിന്റെ സ്കൂട്ടറിന്റെ പൊറകി കേറണതൊന്നും ആരും കാണിച്ച്യ കൊട്ടത്തില്ല ചിന്നമ്മുന്ന്. കുഞ്ഞനേം ചേർത്ത് പിടിച്ചോണ്ട് ഇരുന്നു ചിന്നമ്മു. ച്ചിരെ ദൂരല്ലേള്ളു കോളേജില്ല്. അതൊക്കെ എനക്കാകും.

മേലെ ആസ്പത്രീലെ കാഷ്യാലിറ്റീല് ബാബ്യക്കുട്ടനേം വാരിപ്പിടിച്ച് കുഞ്ഞമ്മദിന്റെ പിന്നാലെ ചിന്നമ്മു ആൾക്കാരെ തട്ടുത്തുമാറ്റി...

‘ങ്ട്ടാ? പന്ത്രണ്ട് വയസ്സിതാഴ്യെള്ളോരെ താഴത്തെ ആസ്പത്രീല്. ബട്യല്ല.’

‘ന്റെ കുഞ്ഞനെ പാമ്പുകടിച്ചതാണ്. എങ്ങന്യെക്യോ

ഈടെത്ത്യേതാ. ഏതെങ്കിലും ഡോട്ടറു നോക്ക്യാ മതി...'
ബാബുക്കുട്ടന്റെ ദേഹം പെട്ടെന്ന് കറുത്തുപോയത്
കാഷ്യാലിറ്റിയിലെ വെളിച്ചത്തിൽ ചിന്നമ്മു കണ്ടു.

'യ്യോ, ന്റെ കുഞ്ഞൻ! ഒന്നുവേഗം നോക്ക് ഡോക്ടർമാരേ!'

'അമ്മാമ്മേ കുട്ട്യേൾടെ ഡോക്ടർമാര് ദാ അപ്പുറത്തെ...
താഴെ ആസ്പത്രി കാഷ്വാലിറ്റീല്... നേരംകളയണ്ട. വേഗം
പൊക്കോ.' നീലപ്പാൻറും ഷർട്ടുട്ട സെക്യൂരിറ്റി ചിന്നമ്മൂന്
ബുദ്ധിയോതി.

താഴത്തെ ആസ്പത്രീല് ഒരു പെൺ ഡോക്ടറ്.
കസേരേന്നെണീക്കാൻ തന്നെ എന്തൊരു താമസം!
'ഒന്ന് വേഗം നോക്കെന്റെ ഡോട്ടറേ. പാമ്പുകടിച്ചതാണ്.
ഓന്റെ തന്തേം തള്ളേം ന്നെ എല്പിച്ച് പോയതാ. നിപ്പൊ
ഞാനെന്താ ഓരോട് പറയ്യ്യാ...!'

'എത്രനേരായി പാമ്പുകടിച്ചിട്ട്? എന്തെടുക്ക്വായിരുന്നു
ഇതുവരെ? കണ്ടില്ലേ ആകെ ബ്ലൂ ആയിരിക്ക്ണ്! പാമ്പിനെ
കണ്ടോ നിങ്ങള്?'

ബാബുക്കുട്ടനെ ടേബിളിൽ കിടത്തി ഒട്ടും തിരക്കില്ലാതെ
ഓന്റെ കാലും മുറിവും തിരിച്ചും മറിച്ചും തൊട്ടും ഒക്കെ
നോക്ക്വാണ് പെൺ ഡോക്ടറ്. ഒന്നും തിരിയിണില്ല്യോളി?

'എന്താ പേര് കുട്ടീന്റെ? വയസ്സെത്ര്യായി...?'

'ഓന് വേണ്ട സികിത്സ കൊട്ടുക്ക് ങളാദ്യം.
ദൈവത്തിൻറടുത്ത്ക്ക്ന്നപോലെ ഓട്യേത്ത്യേതാ ഞാള്.
ങക്ക് തിരിയണില്ലെങ്കി വെല്ല്യേ ഡോട്ടറെ വിളിച്ചൂടേ...?'

'അതുശരി! അപ്പ പരിശോധിക്ക്യോന്നും വേണ്ടാന്നാ?
ന്നാ ങള് തന്ന്യേങ്ങട് ചികിത്സിക്ക്യായിരുന്നില്ലേ?'

ലേഡി ഡോക്ടർ വെടിയേറ്റ പന്ന്യേപ്പോല്യാണ് തിരിഞ്ഞു നിക്കണത്.

'ബേജാറോണ്ടാ ഡോക്ടറേ. മറ്മരുന്ന്ണ്ടാകൂല്ലേ. അതങ്ങട് കൊടുത്തൂടേ ആദ്യം? അല്ലെങ്കി വാർഡീ മാറ്റിക്കൂടേ? ഇങ്ങനെ ഈടൈത്തന്നെ കെടത്ത്യാലെങ്ങന്യാ?' കുഞ്ഞമ്മദും തെരക്കുകൂട്ടി.

'എടോ, നിങ്ങള് പാമ്പിനെ കൊണ്ടന്ന്ട്ടുണ്ടോ? എന്തു പാമ്പായിരുന്നൂന്നെങ്കിലും കണ്ടോ. തൊന്നും അറിയാതെ കൊണ്ടുവന്നാ ഞങ്ങള് പരിശോധിക്ക്യേങ്കിലും ചെയ്യാണ്ടെങ്ങന്യാ. ഐസിയൂല്ല് മാറ്റാൻ തന്ന്യാ പോണത്. ട്രോളിയെത്തണ്ടേ...?'

'ത്തിരിം കൂടൊക്കെ മനുഷ്യത്തം ആകാം ഡോക്ടറേ. അക്കുഞ്ഞു മരിച്ചുപോയാ.. അതിന്റെ അച്ചമ്മ്യാണിത്. തന്തേം തള്ളേം പണിക്കുപോയതാ. അയിന്റെ ബേജാറു മനസ്സിലാക്ക് ങ്ങള്!'

പെണ്ണു ഡോക്ടറ് തെല്ലൊന്നയഞ്ഞു. പക്ഷേ, ബാബുക്കുട്ടനെ കിടത്തിയ ട്രോളി നീങ്ങിയപ്പോൾ ഓര് പല്ലിൻറടിയിൽ അമർത്തിപ്പിടിച്ചു പറഞ്ഞത് ചിന്നമ്മൂന്റെ ചെവി പൊള്ളിച്ചു. 'മറുമരുന്നാത്രെ! പാതി നോളേജും വെച്ചങ്ങട് എളക്കും...'

ഐ.സി.യു ന്റെ മുമ്പിലിട്ട കാലിളകുന്ന കസേരയിൽ ചിന്നമ്മൂനെ ഇരുത്തി കുഞ്ഞമ്മദ് പുറത്തേയ്ക്കിറങ്ങി. 'ഓര്

സലം തിരിയാതെ കറങ്ങണ്ട. ഞാൻ ഗേറ്റില്യ പോയി നിക്കാം.'

ലേശം കഴിഞ്ഞപ്പഴക്കും ഐ.സി.യൂന്റെ വാതില്യ തുറന്നു.

വന്നത് ഡോക്ടറോ, നേഴ്സോന്നൊന്നും ചിന്നമ്മുന് തിരിഞ്ഞില്ല.

'ബാബു ദിവാകരൻ, നാലുവയസ്സ്! ബാബു ദിവാകരന്റെ ആളില്ലേ? പെട്ടെന്ന് വാ, പറയട്ടെ.'

ബാബുക്കുട്ടനും നാലുവയസ്സ്... ഓൻറച്ഛന്റെ പേരല്ലേ ദിവാകരൻ! മ്മള മോന്തന്നെ! ചിന്നമ്മു ജീവച്ഛവം പോലെ എഴ്ന്നേറ്റു. ദൈവേ, എന്തോ കേൾക്കാൻപോവ്വാണാവോ! ന്നെക്കൊണ്ടാവൂലല്ലോ. ആരും വന്നൂല്ലല്ലോ...

'അമ്മമ്മ മാത്രേള്ളൂ? മറ്റേ കക്ഷി എവിടെപ്പോയി?'

'ഓൻ ആളെക്കൂട്ടി വരാൻപോയി. എന്ത്യേയ്യും ഡോട്ടറേ? ന്റെ കുഞ്ഞൻ...'

'അതു പറയാന്തന്ന്യാ വിളിച്ചേ. വേറാരുല്ലെങ്കി നിങ്ങളോടെന്നെ പറയാം. സീരിയസ്സാണ്ട്ടോ. കിട്ടോന്ന് യാതൊരൊറപ്പൂല്ല. ഷോക്കിലാ. ബിപ്പീം പൾസും ഒന്നൂല്ല. കൊറേ വൈകീല്ലേ കൊണ്ടരാൻ!'

'ന്താ ങ്ങള് പറയ്ന്നേ? ന്റെ കുഞ്ഞനെ കിട്ടൂലാന്നോ? ങ്ങളത് പറേല്ലി ഡോട്ടറേ...!' ആർത്തലച്ചോണ്ട് ചിന്നമ്മു

രണ്ടുകൈയ്യും പരത്തി ഡോക്ടറാന്ന് വിചാരിച്ചോള്ടെ തോളത്താഞ്ഞടിച്ചുപോയി...

ചിന്നമ്മൂന്റെ മനസ്സ് ചിന്നമ്മൂന്റെ കയ്യിലല്ലായിരുന്നല്ലോ.

'ചെര! ന്താ നിങ്ങള് കാണിക്കണേ! നിങ്ങടെ തല്ലും കൊള്ളണോ ഞങ്ങള്! നിങ്ങടെ കട്ടിനെ ചികിത്സിക്കണേന്...!'

'ന്റെ മോനെ മീത്തലെ കാഷ്വാലിറ്റില് കൊണ്ടര്ന്നത്വരെ നല്ലസാറ്ണ്ടായിരുന്നതാ. ബൈകിച്ചത് ഈടന്നല്ലേ...

തായെബെന്നിട്ടും എത്തിറ നേരം...! തമ്മസ്സല ഞാൻ. തമ്മസ്സല...!'

'ഭീഷണ്യാ? അതുശരി...!' തോളും വെട്ടിച്ചകത്തേക്ക് ഒരുബെട്ടോള്! ന്തൊരു ജന്തുക്കളാ പ്പത്തെ ഡോട്ടർമാര്! കണ്ണിച്ചോരല്ല്യാത്തോര്. പറയണകേട്ടില്ലേ. സ്വന്തം അച്ഛമ്മ്യോട്! മ്മടെ വേതനേനപ്പറ്റി ത്തിരി വിചാരണ്ടോ?

ആർത്തലച്ചോണ്ട് ദാ വരണ് ദിവാകരനും ഷീബേം.

'ന്റെ മോനെവടെ? മ്മേ, ന്റെ മോനെവിടെ? ങ്ങളട്ത്താക്കി പോയതല്ലേ ഞാന്. ങ്ങള് പൊന്നുപോലെ നോക്കുന്നും കരുതീട്ട്...'

'ഞാന്നോക്കാണ്ടാണോ ചെറ്യോളേ... ഞാന്നോക്കിനിക്ക്മ്പളല്ലേ...'

'ഇല്ലിക്കുട്ടത്തിൻറടത്തേക്ക് മോന്തിനേരത്ത് വിട്ടാവോ

കുഞ്ഞനെ? അമ്മയ്ക്കറിഞ്ഞൂടാത്തതല്ലല്ലോ...'

'കുഞ്ഞിമ്മോനേ, അമ്മ മനപ്പൂർവ്വല്ലാലോ. കുഞ്ഞൻ കോയിക്കുട്ടീന്റെ പിന്നാലെ പാഞ്ഞതല്ലേ. ഞാനോടിച്ചെല്ലുമ്പളത്തിനും...'

'ഐ.സി.യു ന്റെ പൊറത്തിങ്ങനെ ഒച്ച്യുണ്ടാക്കര്ത്. ഒരാള് നിന്നാമതി. ബാക്കീള്ളോര് പൊറത്തെ വരാന്തേല്!' കട്ടപ്പത്തിലുള്ള ഒച്ചകേട്ട് എല്ലാരും സങ്കടോം ബേജാറും വിഴുങ്ങി. അല്ലാണ്ടെന്താ ചെയ്യാ! രാത്രി മുഴുവൻ ഇടയ്ക്കിടെ ഐ.സി.യുന്റെ വാതിൽ തുറന്നടയ്ക്കുന്നതും മരുന്നിന്റെ ചീട്ടും മരുന്നും വാങ്ങിം കൊട്ടുത്തും കൊണ്ടിരിക്കുന്നതും ദിവാകരനും വാസ്വും ചോര കൊണ്ടരാൻ പായുന്നതും ഒക്കെനോക്കി ചിന്നമ്മും

ഷിബയും മരംപോലിരുന്നു. ഓരോ വട്ടവും 'സീരിയസ്സാണ്' എന്നുകേട്ടുകേട്ട് ഓരിപ്പൊ തീരെ ഞെട്ടാതെയുമായി...

എട്ടുമണിക്ക് ഡ്യൂട്ടി കഴിഞ്ഞുപോകുന്നതായിരിക്കും രാത്രീല് ഒടക്കിയ പെൺ ഡോക്ടറും സ്നേഹിതയും. ചിന്നമ്മു ഇരിക്കുന്ന ബെഞ്ചിനടുത്തെത്ത്യപ്പം വല്ലാത്തൊരു നോട്ടം. പിന്നെ ചങ്ങായിച്ച്യോട് ഒച്ചതാത്തി പറഞ്ഞത് ചിന്നമ്മൂനത്ര തിരിഞ്ഞില്ല.

'ഇവരാണ്! അസോസിയേഷൻ എമർജൻസി മീറ്റിംഗ് വിളിച്ചിട്ടുണ്ട്. പോലീസിനെ അറിച്ചിട്ട് പതിവുപോലെ

ഒരനക്കോം ഇല്ലെന്ന് രമേശൻ പറഞ്ഞു.'

പോലീസിനെ അറിയിക്ക്യേ! പാമ്പുകടിച്ചാ പോലീസിനെ അറിക്കാറ്ണ്ടോ? ഇച്ചിരിക്കൊല്ലം മുമ്പ് മണ്ണാംകനിയിലെ ജാനുപ്പെണ്ണിനെ മോന്തി നേരത്ത് വേലായുധൻ കണ്ടൻ ന്തൊക്ക്യോ വേണ്ടാതിനം ചെയ്തിട്ട് ആശുത്രിക്കൊണ്ടന്നപ്പൊ ഡോക്ടർമാര് നേരെക്കേറി പോലീസിലറിച്ചിരുന്നു. പിറ്റേന്ന് പോലീസ് വന്ന് വാർഡിൽ വയ്യാണ്ട കെടന്ന ജാനൂനെ വിചാരണ ചെയ്യുമ്പൊ ചിന്നമ്മൂണ്ടായിര്ന്ന് കൂടെ. ജാനുപ്പെണ്ണ് വേലായുധന്യാണോ കേറിപ്പിടിച്ചത്ന്ന് അപ്പൊ ചിന്നമ്മൂന് അമ്പരപ്പുണ്ടായി.

'അങ്ങനെ വിട്ടാപ്പറ്റ്യോ! ഇതിപ്പൊ എത്രാമത്തെ തവണ്യാ! നമ്മക്ക് പേടികൂടാതെ ഡ്യൂട്ടിട്ക്കാൻ പറ്റില്ലാന്നുവെച്ചാ!' കൂട്ടുകാരി തറപ്പിച്ച് നോക്കുന്നതു കണ്ടപ്പൊ ചിന്നമ്മു നിർക്കോലിനെപ്പോലെ ചുരുണ്ടു.

പതിനൊന്നുമണിക്ക്യോടടുത്ത് ഒരു പോലീസുകാരൻ

ചിന്നമ്മൂൻറടുത്തു വരികതന്നെ ചെയ്തു. ചിന്നമ്മുവാണെങ്കിൽ അന്നേരംവരെ ഒരെറക്കച്ചായേന്റെ വെള്ളംകൂടി കടിച്ചിട്ടില്ല. വാസൂം ദിവാകരനും ചോദിച്ചതാണ് ട്ടോ. മനസ്സുവന്നില്ല. ഷീബേനെ ആരോ താങ്ങിട്ത്തു ഏട്ത്യോ കൊണ്ടോയിറ്റ് ഏറെനേരായി. 'ഇത്തള്ള്യാണോ തള്ളീന്ന് പറിഞ്ഞത്? മഹാപാപാണ്

ഡോക്ടറേ. ങ്ങളത് എങ്ങനെങ്കിലും പറഞ്ഞ് കബൂലാക്കാൻ നോക്ക്. കേസൊന്നും ചാർജ്ജ് ചെയ്യണ്ട. അതാ നല്ലത്."

"ഇപ്പൊക്കാണുമ്പൊ ശര്യാണ്. പക്ഷേ, അങ്ങന്യെല്ല ഡോക്ടർ രശ്മി പറഞ്ഞത്. അസാധ്യ ഉശിരായിരുന്നത്രെ. അവള് വീണ് തലപൊട്ടീര്ന്നെങ്കിലോ? അസോസിയേഷന് ഏതായാലും സമരത്തിനെറങ്ങാതെ നിവൃത്തിയില്ല. മൂന്നാമത്തെ പ്രാവശ്യാത് ഇക്കൊല്ലം. കേസു ചാർജ്ജ് ചെയ്താ അതു പറഞ്ഞ് സമരം പിൻവലിക്കാം. അതാണ് ഞാനോർത്തത്." കൂടെയുള്ള ആൺ ഡോക്ടറാണ്.

പറഞ്ഞത് പാതി കേട്ടില്ലെങ്കിലും ചിന്നമ്മൂന് എന്തൊക്ക്യോ പന്തികേട്ട മണത്തു. ദാഹോം പരവശോം, പേടിം ഒക്കെക്കൂടി ചിന്നമ്മൂനെ ഞെരുക്കി. പോലീസുകാരൻ 'അതൊന്നും ശര്യാവൂലെന്ന്' അങ്ങോട്ടുമിങ്ങോട്ടും തലയാട്ടി, കയ്യിലെ റൂളന്തടികൊണ്ട് മറുകയ്യിൽ മുട്ടിമുട്ടി എന്തോ ഒക്കെ ആലോചിച്ച് അകന്നു പോകുമ്പോഴും ചിന്നമ്മു അനങ്ങാനാവാതെ അന്തിച്ചിരുന്നു...

'പീജിസും ഹൗസ്സർജൻസും എറങ്ങിക്കഴിഞ്ഞു. വേണ്ടിവന്നാ നമ്മളും എറങ്ങാതെ പറ്റില്ല. കഴിഞ്ഞവട്ടം

ഡോ. സുദർശനെ ആക്രമിച്ചപ്പൊ അവരുകൂടി എറങ്ങ്യതോണ്ടാ സമരം വിജയിച്ചത്.' ജോലിചെയ്യാൻ

ആശുത്രിൽ ബാക്കിയായ ടീച്ചർ ഡോക്ടർമാരുടെ നേതാവ് അതീവ ഗൗരവത്തോടെ പറഞ്ഞതൊന്നും ചിന്നമ്മൂനു കേൾക്കാനായില്ല. അതെങ്ങന്യാ, ചിന്നമ്മു ഐ.സി.യു ന്റെ മുമ്പിലും സംഘടനാ നേതാക്കളൊക്കെ സൂപ്രണ്ടിന്റെ മുറിന്റെ മുമ്പിലുമല്ലേ.

'ഡോ. സുദർശനെ ആക്രമിച്ചതും ഇതും ഒരു പോല്യാണെന്ന് എനിക്ക് തോന്നുന്നില്ല. അത് ആണ്വെട്ട് പുരുഷന്മാർ... രാഷ്ട്രീയം. എങ്ങന്യാ, ഒരു മുത്തശ്ശി, പത്താറുപത് വയസ്സുള്ള സ്ത്രീ ഡോക്ടറെ തല്ല്വാ! എനിക്ക് തോന്നുന്നത്...'

'അങ്ങന്യൊന്നും വേർതിരിച്ചുകാണണ്ട ആവശ്യല്ല. ആരു തല്ല്യാലും തല്ലുതന്നെ. ജോലി ചെയ്യുന്ന ഡോക്ടർമാരുടെ പ്രൊട്ടക്ഷന്റെ പ്രശ്നല്ലേ. ഏതായാലും പ്രിൻസിപ്പാളു വിളിച്ച മീറ്റിംഗ് എന്താവ്വന്ന് നോക്കാം.'

ചിന്നമ്മൂന്റെ കണ്ണനെ കിടത്തിയ ഐ.സി.യു വിൽ മാത്രമല്ല ഡോക്ടർമാരുടെ എണ്ണും കണ്ണനെ കറഞ്ഞത്. മെഡിക്കൽ കോളേജാശുപത്രിമൊത്തം സ്തംഭിച്ചപോലായില്ലേ. ആരൊക്കെ പ്രാകുന്നുണ്ടാകും ചിന്നമ്മൂനെ! അതാലോചിക്കുമ്പോഴൊക്കെ ചിന്നമ്മു ചൂളുണ്ടു. ദിവാകരൻ ദൂരെ കസേലേല് കയ്യും തലേല് വെച്ചിരിപ്പാണ്. അമ്മ ഡോക്ടറെ തല്ലുന്നൊന്നും ഓനും വിശ്വസിക്കണ്ണ്ട്ടാവില്ല. ന്നാലും... ദ് ന്തൊക്ക്യാ അമ്മയി ഉണ്ടാക്കിക്കൂട്ടുണേന്ന് ഓനും വിചാരിക്കാലോ. ബാബുമോന് തിന്നാൻ കടല മിട്ടായീം വാങ്ങിപ്പൊതിഞ്ഞ്

കട്ടിലിക്ക് പൊറപ്പെട്ടതായിരിക്കില്ലേ ഓൻ ഇന്നലേം! എത്രപെട്ടെന്ന് എല്ലാം മാറിമറിഞ്ഞ്...!

'ചിന്നമ്മ്വമ്മേനെ തനിച്ചാക്കി ഞാമ്പോകാൻ പാടില്ലാര്ന്ന് ഇന്നലെ. നിപ്പൊ പറഞ്ഞിട്ടെന്താ. ഒത്തുതീർപ്പാക്കാനേരിക്കും ഡോക്ടർമാര് വിളിയ്ക്കണത്. ഇങ്ങള് ചെല്ലീന് ചിന്നമ്മ്വമ്മേ. അല്ലെങ്കിപ്പിന്നെ പോലീസും കൂട്ടോമാകും. അക്കുഞ്ഞനാന്നെങ്കി ഇങ്ങനെ കെടക്കെവല്ലേ. അയിനെ നോക്കാനും വേണ്ടേ ഡോക്ടർമാര്. അങ്ങനെ എത്ര്യോ രോഗികള്!' കുഞ്ഞമ്മദിന് ഏറെ മനസ്താപമുണ്ടെന്ന് ചിന്നമ്മുനറ്യാം. എല്ലാം വന്നുഭവിച്ചില്ലേ. ചിന്നമ്മു പൊയ്ക്കോളാം കുഞ്ഞമ്മദേ, എല്ലാ വിചാരണേം നടക്കട്ടെ!

ചിന്നമ്മൂനെ വിചാരണ ചെയ്തത് വെല്ല്യൊരുകൂട്ടം ഡോക്ടർമാരും പിന്നെ പൊലീസും. ചെറുപ്പക്കാര് ഡോക്ടർമാർക്കാണ് കൂടതലാവേശംന്ന് ചിന്നമ്മു കണ്ടു. പ്രായമുള്ളോർക്ക് കൊറച്ചൂടി മയമുണ്ട്.

'ഇതിപ്പൊ എത്രാമത്തെ തവണ്യായി! രാത്രിയിലൊക്കെ ഡ്യൂട്ടിയെട്ക്കണ ഹൗസ് സർജൻമാർക്കും പീജിസിനും യാതൊരു പ്രൊട്ടക്ഷനുമില്ലാതെ...'

'തല്ലീലാന്ന് പറയാവ്വോ നിങ്ങൾക്ക്? രണ്ടു കയ്യോണ്ടുമല്ലേ നിങ്ങളെന്റെ പുറത്ത്...'

രണ്ടു കയ്യും കൂപ്പി ചിന്നമ്മൂന് പറയേണ്ടിവന്നു. 'കുഞ്ഞിമ്മക്കളേ. ങ്ങളെ തല്ലാമ്മാത്രം ഞാൻ വളർന്നോ? ആരും താങ്ങാനും പറയാനുല്ലാത്ത നേരത്ത്, ന്റെ കുഞ്ഞൻ ചത്തുപോകുന്ന് കേട്ടപ്പൊ...

പറ്റിപ്പോയതാണ്... ചെയ്തതെന്താണ്ന്ന് സത്യായിട്ടും എനക്കോർമ്മില്ല...'

പോലീസും തലമൂതിർന്ന ഡോക്ടർമാരും കൂടി പറഞ്ഞു കബൂലാക്കാൻ നോക്കിക്കൊണ്ടിരിക്ക്മ്പൊത്തന്ന്യാണ് വെല്ല്യ ഡോക്ടറുടെ ഫോണടിച്ചത്. അത് ബാബൂമോന്റെ ഐ.സി.യൂന്നാണെന്നൊന്നും ചിന്നമ്മൂന് തിരിഞ്ഞില്ല. ഒച്ചേം ബഗളോണ്ടായിരുന്ന ആപ്പീസുമുറി പെട്ടെന്ന് കോളടങ്ങിയ കടലുപോലായതെന്താണോ എന്നവൾ അന്തിച്ചു. ഇത്രപെട്ടെന്ന് മനുശ്ശമ്മാര് മാറിപ്പോക്വോ? ഡോക്ടർമാര്ടെ രീതി ഇങ്ങന്യാക്കേരിക്കും. നമ്മക്കിതൊന്നും തിരിയൂലല്ലോ.

ആപ്പീസുമുറീന്നിറങ്ങി ഐ.സി.യൂല്ക്ക് എടത്തോട്ടോ വലത്തോട്ടോ തിരിയേണ്ടതെന്നറിയാതെ തമ്പിട്ടുനിന്ന ചിന്നമ്മൂന് വഴികാണിച്ചോണ്ട് രണ്ടു ഡോക്ടർമാർ തന്നെയുണ്ട് ദാവരുന്നു! 'അമ്മൂമ്മേ, ഞങ്ങടെകൂടെ പോര്.'

ഉം... അപ്പൊ ചിന്നമ്മൂനും ഇച്ചിരി വെലയൊക്കെയുണ്ട്!

ചിന്നമ്മു വെശപ്പും ദാഹോം പെട്ടെന്ന് മറന്നു. എടത്തും വലത്തും കോട്ടിട്ട രണ്ടു ഡോക്ടർമാർ നടന്നതോടെ ചിന്നമ്മൂന് ഒരു പോലീസിൻസ്പെട്ടറുട്യോ, കളക്ടറദ്ദേത്തിൻറ്യോ ഗമയൊക്കെ വന്നു. 'ഇനി ന്റെ

കണാരന്റെ സൂക്കേട്ടുംകൂടി വേഗമൊന്നു മാറ്റിത്തന്നാളീ ന്ന് ആജ്ഞാപിച്ചാലോ എന്നും തോന്നി ചിന്നമ്മൂന്. ഇന്നാലെ ഉമ്മറത്തെ പായിലിട്ട മുത്താറി എന്തായിപ്പോയോ എന്ന പൊട്ടച്ചിന്തയെ പെട്ടെന്നമർത്തി ചിന്നമ്മു ഉത്സാഹത്തോടെ കാലമർത്തി നടന്നു. ഐ.സി.യൂന്റെ മുമ്പിലെത്ത്യാ ഇനിയീത്തള്ള ന്തൊക്കെ പ്രശ്നങ്ങളാണോ

ഉണ്ടാക്കുക എന്ന വേവലാതിയിൽ ഇടത്തും വലത്തും നടന്ന ഡോക്ടർമാരുടെ നെഞ്ച് കിട്ടകിടാ, പടപടാ ന്നടിക്കുന്നത് ചിന്നമ്മൂന്റെ നടത്തയ്ക്കപ്പോളൊരുതാളമായി.

* * *

## ഖദീജ മുംതാസ്



തൃശ്ശൂർ ജില്ലയിലെ കാട്ടൂർ സ്വദേശി. മാതാപിതാക്കൾ പരേതരായ ഷംസുദ്ദീൻ, ഫാത്തിമ. കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിൽ ഗൈനകോളജി വിഭാഗം പ്രൊഫസറായിരിക്കേ 2013ൽ സ്വയം വിരമിച്ചു. 1986 മുതൽ 7 വർഷം സൗദി അറേബ്യയിൽ മിനിസ്ട്രി ഓഫ് ഹെൽത്തിൽ ജോലി ചെയ്തിട്ടുണ്ട്. വിരമിച്ച ശേഷം കോഴിക്കോട് മൊടക്കല്ലൂർ മലബാർ മെഡിക്കൽ കോളേജിൽ വിസിറ്റിങ് പ്രൊഫസറായി അധ്യാപനം. ഇപ്പോൾ സാഹിത്യ അക്കാദമി വൈസ് ചെയർപെഴ്സൺ.

**നോവലുകൾ:** ആത്മതീർത്ഥങ്ങളിൽ മുങ്ങി നിവർന്ന്, ബർസ, ആതുരം, നീട്ടിയെഴുത്തുകൾ. **ചെറുകഥാ സമാഹാരങ്ങൾ:** ബാല്യത്തിൽ നിന്ന് ഇറങ്ങി വന്ന ഒരാൾ, നാം ജീവിതങ്ങൾ ചുട്ടെടുക്കുന്നവർ. **വൈദ്യാനുഭവങ്ങൾ:** ഡോക്ടർ ദൈവമല്ല. **ലേഖന സമാഹാരങ്ങൾ:** പുരുഷനറിയാത്ത സ്ത്രീ മുഖങ്ങൾ, സർഗം സമൂഹം, ഖയാലാത്ത്, പ്രണയം ലൈംഗികത സ്ത്രീ വിമോചനം. **സയൻസ് ഫിക്ഷൻ:** മാതൃകം, പിറക്കും മുമ്പേ കരുതലോടെ.

**പുരസ്കാരങ്ങൾ:** കേരള സാഹിത്യ അക്കാദമി പുരസ്കാരം (ബർസ), ചെറുകാട് അവാർഡ് (ബർസ), കെ.വി. സുരേന്ദ്രനാഥ് പുരസ്കാരം (ബർസ), തൃശ്ശൂർ സാഹിത്യ വേദി പുരസ്കാരം (നീട്ടിയെഴുത്തുകൾ),

ഇപ്പോൾ കുടുംബവുമൊത്ത് കോഴിക്കോട് താമസം.

**വിലാസം:** അൽ നൂർ, തൊണ്ടയാട്, പി.ഒ. ചേവരമ്പലം, കോഴിക്കോട് 17